"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2022 ജനുവരി മാസത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.588/2022/ധന. തീയതി, തിരുവനന്തപുരം, 25.01.2022**

പരാമർശം:-
1. സ.ഉ (കൈ) നം. 16/2021/ധന തീയതി 03/02/2021.
2. സ.ഉ (സാധാ) നം. 4139/2021/ധന തീയതി 24.05.2021
3. സ.ഉ (സാധാ) നം. 4697/2021/ധന തീയതി 28.06.2021
4. സ.ഉ (സാധാ) നം. 5265/2021/ധന തീയതി 03.08.2021
5. സ.ഉ (സാധാ) നം. 6301/2021/ധന തീയതി 25.09.2021
6. സ.ഉ (സാധാ) നം. 6972/2021/ധന തീയതി 28.10.2021
7. സ.ഉ (സാധാ) നം. 7745/2021/ധന തീയതി 01.12.2021
8. സ.ഉ (സാധാ) നം. 8334/2021/ധന തീയതി 22.12.2021
9. പഞ്ചായത്ത് ഡയറക്ടറുടെ 25.01.2022 - ലെ പി.എ.എൻ/1312/2021/ഡിബിടി2(ഡി.പി) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നല്കിവരുന്നു. 2021 ഡിസംബർ മാസത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (8) പ്രകാരം അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 4980602 ഗുണഭോക്താക്കൾക്ക് 2022 ജനുവരി മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 761,07,54,900/- രൂപ (എഴുന്നൂറ്റി അറുപത്തിയൊന്ന് കോടി ഏഴ് ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (9) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 ജനുവരി മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനായി 761,07,54,900/- രൂപ (എഴുന്നൂറ്റി അറുപത്തിയൊന്ന് കോടി ഏഴ് ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2022 ജനുവരി മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 4980602 ഗുണഭോക്താക്കൾക്ക് (ബാങ്ക് 2566256 + ഡി.ടു.എച്ച് 2414346) നല്കുന്നതിന് ആവശ്യമായ തുകയായ 761,07,54,900/-രൂപയിൽ (എഴുന്നൂറ്റി അറുപത്തിയൊന്ന് കോടി ഏഴ് ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 391,19,84,600/- രൂപയിൽ (മുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് കോടി പത്തൊൻപത് ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 3,43,16,476/- രൂപ കുറവു ചെയ്ത് ബാക്കി തുകയായ 387,76,68,124/- രൂപ (മുന്നൂറ്റി എൺപത്തിയേഴ് കോടി എഴുപത്തിയാറ് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി ഒരുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ:67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 369,87,70,300/- രൂപയിൽ (മുന്നൂറ്റി അറുപത്തി ഒൻപത് കോടി എൺപത്തിയേഴ് ലക്ഷത്തി എഴുപതിനായിരത്തി മുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 10,98,600/- രൂപ കുറവു ചെയ്ത് ബാക്കി തുകയായ 369,76,71,700/- രൂപ (മുന്നൂറ്റി അറുപത്തിയൊൻപത് കോടി എഴുപത്തി ആറ് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ:799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 2022 ഫെബ്രുവരി 15 -നകം കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ് പശ്ചാത്തലത്തിൽ എല്ലാ മുൻ കരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

5. പെൻഷൻ വിതരണം 27/01/2022 മുതൽ തന്നെ ആരംഭിയ്ക്കേണ്ടതും 10/02/2022-നുള്ളിൽ പൂർത്തീകരിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ/സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

# അനുബന്ധം

**2022 ജനുവരി മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ**

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്ട് ടു ഹോം (രൂപ) | | ആകെ (രൂപ) | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 150189 | 227830400 | 167607 | 252943200 | 317796 | 480773600 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16782 | 26551200 | 20036 | 31599600 | 36818 | 58150800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 68195 | 107278000 | 65663 | 103123800 | 133858 | 210401800 |
| | കർഷക തൊഴിലാളി പെൻഷൻ | 6491 | 10282600 | 16628 | 26231800 | 23119 | 36514400 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3875 | 6060000 | 5775 | 9024000 | 9650 | 15084000 |
| | **ആകെ** | 245532 | 378002200 | 275709 | 422922400 | 521241 | 800924600 |
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 130685 | 198024000 | 63985 | 98260000 | 194670 | 296284000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16703 | 26395800 | 6808 | 10773800 | 23511 | 37169600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 75470 | 117113000 | 22873 | 35882800 | 98343 | 152995800 |
| | കർഷക തൊഴിലാളി പെൻഷൻ | 2266 | 3577600 | 1455 | 2304000 | 3721 | 5881600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5131 | 8007600 | 3187 | 4989200 | 8318 | 12996800 |
| | **ആകെ** | 230255 | 353118000 | 98308 | 152209800 | 328563 | 505327800 |
| **ഗ്രാമപഞ്ചായത്ത്** | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1164547 | 1730738200 | 1076502 | 1612325200 | 2241049 | 3343063400 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 164966 | 261147600 | 174932 | 276676200 | 339898 | 537823800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 606923 | 948142800 | 512654 | 801375100 | 1119577 | 1749517900 |
| | കർഷക തൊഴിലാളി പെൻഷൻ | 125284 | 195925400 | 237356 | 372534600 | 362640 | 568460000 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28749 | 44910400 | 38885 | 60727000 | 67634 | 105637400 |
| | **ആകെ** | 2090469 | 3180864400 | 2040329 | 3123638100 | 4130798 | 6304502500 |
| **ആകെ മൊത്തം** | | 2566256 | 3911984600 | 2414346 | 3698770300 | 4980602 | 7610754900 |